**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1895** **31-08-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനയാനങ്ങളുടെ അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി അഴിമുഖത്തോടും തുറമുഖത്തോടും ചേർന്നുള്ള പ്രദേശങ്ങളിൽ മത്സ്യബന്ധനയാനങ്ങൾ അപകടത്തിൽപ്പെടുന്നത് സംബന്ധിച്ച് 22.10.2021 ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ എന്തെന്ന് വിശദമാക്കാമോ; | (എ) | 22/10/2021 ലെ യോഗതീരുമാനം ചുവടെ ചേർക്കുന്നു.<br><br>കൊച്ചി തുറമുഖത്ത് അപകടത്തിൽപ്പെടുന്ന ബോട്ടുകളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം കൊച്ചിൻ പോർട്ട് ട്രസ്റ്റിനാണെന്നും സാമ്പത്തിക പരിമിതി ഉള്ളതുകൊണ്ട് ഇക്കാര്യം നിർവ്വഹിയ്ക്കുവാൻ കഴിയില്ലെങ്കിൽ അക്കാര്യം ചൂണ്ടിക്കാട്ടി തുറമുഖ സെക്രട്ടറിയ്ക്ക് കത്ത് നൽകേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിയ്ക്കുവാൻ യോഗം എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. |
| (ബി) | പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | പ്രസ്തുത യോഗ തീരുമാനം പോർട്ട് ട്രസ്റ്റിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പോർട്ട് ട്രസ്റ്റിന്റെ ഫണ്ട് ഉപയോഗിച്ച് ബോട്ടുകളുടെ അവശിഷ്ടങ്ങൾ മാറ്റാൻ കഴിയില്ല എന്ന് പോർട്ട് ട്രസ്റ്റ് അറിയിക്കുകയുണ്ടായി. തുടർന്ന് ദുരന്ത നിവാരണ നിധിയിൽ നിന്നും തുക അനുവദിക്കാനാകുമോ എന്ന് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ